പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 893 | 14-10-2026-ൽ മറുപടിയ്ക്ക്

<u>പ്രളയം ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി. കെ. നവാസ്

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. സി. കെ. കാസിം

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) 2018,2019 എന്നീ വർഷങ്ങളിലെ വൻ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ;

<u>മറുപടി:</u> 2018, 2019-ൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും, മണ്ണും മറ്റ് പാഴ് വസ്തുക്കളും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടുകൂടിയും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, ജനകീയ പങ്കാളിത്തതോടുകൂടിയും ജലസേചന വകുപ്പിന്റെ നേതൃത്വത്തിലും 43 നദികളിൽ (കല്ലായി ഒഴികെ) ആകെ 3,01,65,570 മീറ്റർ ക്യൂബ് എക്കലും ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 98,35,939 മീറ്റർ ക്യൂബ് നീക്കം ചെയ്തു. കല്ലായി പുഴയിലെ കടുപ്പിനി മുതൽ കോതി വരെ (4.2 കി.മീ) അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ 3,29,877.5 മീറ്റർ ക്യൂബ് നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 1,69,818.335 മീറ്റർ ക്യൂബ് ചെളി നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിൽ സംഭരണശേഷി കൂട്ടുന്നതിനായി ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജലസേചന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ പീച്ചിയിലുള്ള കേരള എൻജിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) 15 ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് 2011-2021 കാലയളവിൽ പഠന വിധേയമാക്കിയിരുന്നു. ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കി, അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ (SOP) പ്രകാരം മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. ഇതിൽ ചുള്ളിയാർ ഡാമിൽ ഡി.പി.ആർ പ്രകാരമുള്ള അളവ് (Agreement Quantity)പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മലങ്കര ഡാമിൽ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ ബിഡ് അംഗീകരണ നടപടികൾ പുരോഗമിക്കുന്നു.

ഡാമുകളുടെയും റെഗുലേറ്ററുകളുടെയും മുഴുവൻ ഷട്ടറുകളും പ്രവർത്തനക്ഷമമാണെന്ന് കൃത്യമായ ഇടവേളകളിൽ ഉറപ്പുവരുത്തുന്നുണ്ട്. ഡാമുകളിൽ കൃത്യമായി പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ ജോയിന്റ് ഇൻസ്പെക്ഷൻ നടത്താറുണ്ട്. ഡാമുകളിലെയും റഗുലേറ്ററുകളിലെയും ജലനിരപ്പ് യഥാസമയം നിരീക്ഷിക്കുകയും ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി, ഷട്ടറുകൾ തുറക്കേണ്ട സാഹചര്യത്തിൽ District Disaster Management Authority (DDMA) അറിയിക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഷട്ടർ തുറക്കുന്ന സാഹചര്യങ്ങളിൽ സമീപപ്രദേശങ്ങളിലും താഴ്ന്നഭാഗങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് യഥാസമയം മുന്നറിയിപ്പും നൽകാറുണ്ട്. ഡാമുകളിൽ

സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി ബാത്തിമെട്രിക് സ്റ്റഡി നടത്തി അടിഞ്ഞുകൂടിയ silt -ന്റ അളവ് കണ്ടെത്തുകയും ഡാമുകളിൽ ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഡാമുകളിൽ എമർജൻസി ആക്ഷൻപ്ലാൻ, Operation and Maintenance manual തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ നദികളുടെയും തോടുകളുടെയും നീരൊഴുക്ക് സുഗമമാക്കുന്നതിനും അവയുടെ സംഭരണശേഷി പൂർവ്വ സ്ഥിതിയിലാക്കുന്നതിനുമായി പ്രീ-മൺസൂൺ ക്ലീനിംഗ്, ഡീസിൽറ്റേഷൻ തുടങ്ങിയ പ്രവൃത്തികൾ Pre-monsoon, Plan, Non-plan, Flood damage, Annual Maintenance തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യത, പ്രവൃത്തിയുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.

**(ബി)** നദികളുടെ ആവാഹശേഷി, അടിഞ്ഞുകൂടിയ മണ്ണിന്റെ അളവ് എന്നിവയെക്കുറിച്ച് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** 2018-2019 പ്രളയാനന്തരം 43 നദികളിൽ (കല്ലായി ഒഴികെ) അടിഞ്ഞുകൂടിയ ചെളിയുടെയും മാലിന്യങ്ങളുടെയും മറ്റ് പാഴ് വസ്തുക്കളുടെയും (spoil)അളവ് കണ്ടെത്തി അവ SDRF ഫണ്ട് ഉപയോഗിച്ച് നീക്കം ചെയ്യുകയും ചെയ്തു. 2018-2019 പ്രളയാനന്തരം കേരളത്തിലെ നദികളുടെ സമഗ്രമായ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് ഓരോ നദികളുടെയും ചുമതല ജലസേചന വകുപ്പിലെ ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും, ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള സംഘം ഓരോ നദികളുടെയും പ്രാഥമിക പരിശോധന നടത്തുകയും, അടിഞ്ഞുകൂടിയ Spoil സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പമ്പ, അച്ചൻകോവിൽ, മണിമലയാർ, മീനച്ചിലാർ, മൂവാറ്റുപുഴ നദികളിൽ KERI യുടെ നേതൃത്വത്തിൽ Spoil വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇതിന്റെ പ്രകാരം 43 നദികളിൽ (കല്ലായി ഒഴികെ) ആകെ 3,01,65,570 മീറ്റർ ക്യൂബ് എക്കലും ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 98,35,939 മീറ്റർ ക്യൂബ് നീക്കം ചെയ്തു.

**(സി)** പ്രളയം ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** ജലാശയങ്ങളുടെ സംഭരണശേഷിയും, നീരൊഴുക്ക് ശേഷിയും നിലനിർത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ പരിശോധനയും, സാങ്കേതിക വിലയിരുത്തലും നടത്തി മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നദികൾ, കായലുകൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ ആവശ്യാനുസരണം ഡീസിൽറ്റിംഗ്, പാർശ്വ സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ Pre-monsoon, Plan, Non-plan, Flood damages, Annual Maintenance ശീർഷകങ്ങളിൽ പദ്ധതികളുടെ മുൻഗണനയും, ഫണ്ടും അനുസരിച്ച് നടപ്പാക്കുന്നതും പരിഗണിക്കുന്നു.

കൂടാതെ പ്രളയം ആവർത്തിക്കാതിരിക്കാൻ, ഡാമുകളുടെ സംഭരണ ശേഷി പൂർണ്ണതോതിൽ എത്തിക്കാനും കൂടുതൽ ജലം ഉൾകൊള്ളിക്കുന്നതിനും അതുവഴി പുഴയിലേക്കുള്ള അമിതമായ ജലപ്രവാഹം നിയന്ത്രിക്കുന്നതിനുമായി മീങ്കര, വാളയാർ എന്നീ ഡാമുകളിലും കമ്പാലതറി, വെങ്കലകയം എന്നീ ഏരികളിലും ഡീസിൽറ്റേഷൻ നടത്തി വരുന്നു. ചുള്ളിയാർ ഡാമിൽ ഡീസിൽറ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ചു.ശേഷിക്കുന്ന ഡാമുകളുടെ ഡീസിൽറ്റേഷൻ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**